2/10/21

DESPATCHED
On 16/11/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **CP 384(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7049/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ഒക്ടോബർ 27

| | |
|---|---|
| ശ്രീ. എ.യു. മോഹൻദാസ്,<br>അനുഗ്രഹ,<br>30/48, ശ്രീപുരം ലൈൻ,<br>പി.ഒ. പൂങ്കുന്നം, തൃശ്ശൂർ - 680 002. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അഗ്രിക്കൾച്ചറൽ ഓഫീസർ,<br>പറപ്പൂക്കര കൃഷി ഭവൻ,<br>പറപ്പൂക്കര, തൃശ്ശൂർ - 680 310. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 29.4.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.8.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 1.7.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 5.7.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.8.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 9.9.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 26.10.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എ.യു. മോഹൻദാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, 29.4.2021-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയോ നടപടികളോ ഉണ്ടായിട്ടില്ലാത്തതാണെന്നും ആയതിനാൽ മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷിയ്ക്കെതിരെ നടപടി എടുത്ത് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, സർക്കാർ ഉത്തരവ് 4952/2017-ലെ പരാമർശം (2)-ലെ വിജ്ഞാപന

പ്രകാരം ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട വിവരങ്ങൾ പുനഃപരിശോധനയ്ക്കായി പറപ്പൂക്കര പഞ്ചായത്ത് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ നിശ്ചിത അപേക്ഷ ഫോറത്തിൽ ലഭിച്ച പരാതികളെ സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 26.7.2017-ലെ ടി.എ(2) 18988/16 നമ്പർ സർക്കുലറിലെ ക്രമ നമ്പർ 2 അനുസരിച്ച് രേഖപ്പെടുത്തി സൂക്ഷിച്ച രജിസ്റ്ററിന്റെ മുഴുവൻ പേജുകളുടെയും പകർപ്പ് അനുവദിച്ച് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 10.8.2021-ന് നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട രജിസ്റ്ററുകൾ എതിർകക്ഷി ഓഫീസിൽ ഇല്ലെന്നും 2018-ലെ മഹാപ്രളയത്തിൽ ഓഫീസിൽ വെള്ളം കയറിയതുമൂലം നശിച്ചുപോയ ഓഫീസ് രേഖകളിൽ പ്രസ്തുത രജിസ്റ്ററും ഉൾപ്പെട്ടതായി ഉത്തമബോധ്യമുള്ളതായി ഇതിനാൽ അറിയിക്കുന്നു എന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് രേഖാമൂലം നൽകിയിട്ടുണ്ടെന്നും, കോവിഡ് അനുബന്ധ ലോക്ക് ഡൗൺ, പ്രാദേശിക ലോക്ക് ഡൗൺ എന്നിവമൂലം കൃഷി ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായും സാദ്ധ്യമായിരുന്നില്ലെന്നും ഇതേ തുടർന്ന് സ്റ്റാഫിന്റെ ഹാജർ നില പൂർണ്ണതോതിൽ ഇല്ലാതിരുന്നതിനാലാണ് ഓഫീസ് രേഖകൾ പൂർണ്ണമായും പരിശോധിക്കുന്നതിന് സമയമെടുത്തതും അപേക്ഷകന് മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടായതെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 2018-ൽ ഉണ്ടായ പ്രളയത്തിൽ എതിർകക്ഷി ഓഫീസിൽ വെള്ളം കയറി നശിച്ചുപോയ ഫയലുകളുടെ കൂട്ടത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകളും ഉൾപ്പെട്ട് നശിച്ചു പോയതിനാലാണ് വിവരം നൽകാൻ കഴിയാതെ വന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ അപേക്ഷകൻ താത്പര്യപ്പെടുകയാണെങ്കിൽ ടി റിക്കാർഡ് റൂം നേരിട്ട് പരിശോധിച്ച് വസ്തുത ബോധ്യപ്പെടുന്നതിനും പരിശോധനയിൽ ടി രജിസ്റ്റർ കണ്ടെത്താൻ സാധിച്ചാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ എടുക്കുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും എതിർകക്ഷി ഹർജിക്കാരന് അനുവദിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഹർജിക്കാരൻ 29.4.2021 ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 10.8.2021 നാണ് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. സമയബന്ധിതമായി വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകാതിരിക്കുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി പരിശോധനയിൽ ടി രജിസ്റ്റർ കണ്ടെത്താൻ സാധിച്ചാൽ പകർപ്പുകൾ എടുക്കുന്നതിനുമുള്ള

വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഒക്ടോബർ 27–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM

bnk